# യൂണിറ്റി
സപ്ലിമെന്റ്

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മെയ് 2018 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 4 സംഭാവന 5.00 രൂപ


# ബിഒടി- ടോൾ പാതയ്ക്കുവേണ്ടി ഭൂമി തട്ടിയെടുക്കരുത്

**ദേശീയപാതകൾ 30 മീറ്റർ വീതിയിൽ സർക്കാർ ചെലവിൽ 6 വരിയായി വികസിപ്പിക്കുക**

**കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസവും മെച്ചപ്പെട്ട നഷ്ടപരിഹാരവും മുൻകൂറായി നൽകുക**

## ദേശീയപാത സ്വകാര്യവൽക്കരണത്തിനെതിരെയുള്ള ജനകീയ സമരത്തിൽ മുഴുവൻ ജനങ്ങളും അണിനിരക്കുക

**കേരളത്തിലെ ദേശീയപാതകൾ ജനവിരുദ്ധമായ ബിഒടി-ടോൾ സമ്പ്രദായത്തിലേക്കു മാറ്റുവാൻ വേണ്ടി പോലീസിനെ വിന്യസിച്ച് 45 മീറ്റർ വീതിയിൽ ഭൂമി പിടിച്ചെടുക്കാനുള്ള നീക്കത്തിലാണ് പിണറായി സർക്കാർ. കഴിഞ്ഞ 12 വർഷമായി മാറി മാറിവന്ന കേന്ദ്രസർക്കാരുകളും കേരളത്തിലെ എൽഡിഎഫ്, യുഡിഎഫ് സർക്കാരുകളും ഭൂമിയേറ്റെടുക്കാൻ പലതവണ നടത്തിയ പരിശ്രമങ്ങൾ സംസ്ഥാനത്ത് പരാജയപ്പെട്ടിരുന്നു. ഭൂമിയേറ്റെടുക്കാനായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ട് അസാധുവാകുകയും ചെയ്തിരുന്നു. എൻഎച്ച് 17ലും എൻഎച്ച് 47ലും – ഇപ്പോൾ രണ്ടും ചേർന്ന് എൻഎച്ച് 66– ഭൂമി പിടിച്ചെടുക്കൽ നടപടിക്ക് ഇരകളാകുന്ന ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കും അതീതമായി സ്വന്തം സമര സമിതികളിൽ ഒന്നിച്ചു നടത്തിയ ജനാധിപത്യപരമായ പ്രക്ഷോഭങ്ങളുടെ വിജയമാണത്.**



ജനങ്ങളുടെ പ്രതിഷേധത്തെ വിഗണിച്ചുകൊണ്ട് ദേശീയപാതയ്ക്കുവേണ്ടി ഭൂമി അളന്നെടുക്കാനുള്ള സർക്കാരിന്റെ നീക്കങ്ങളെ ജനങ്ങൾ പലതവണ പരാജയപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ പിണറായിസർക്കാർ എല്ലാ ജനാധിപത്യമര്യാദകളെയും കാറ്റിൽ പറത്തിക്കൊണ്ട് ബലാൽക്കാരേണ ഭൂമി പിടിച്ചെടുക്കാൻ തുനിയുകയാണ്. മാർച്ച് മാസത്തിൽ മലപ്പുറത്ത് അളവു തുടങ്ങിയിരിക്കുന്നത് ജില്ലയിൽ ആകമാനം പോലീസ്‌രാജ് സൃഷ്ടിച്ചുകൊണ്ടാണ്. അതിപ്പോൾ മറ്റ് ജില്ലകളിലും ആരംഭിച്ചിരിക്കുന്നു.

ജനാധിപത്യത്തിൽ തീരെ വിശ്വാസമില്ലാത്ത ഭരണശൈലിയാണ് കേരളത്തിലെ പിണറായി വിജയൻ സർക്കാർ പ്രദർശിപ്പിക്കുന്നത്. രാഷ്ട്രീയ വേദികളിൽ കോർപ്പറേറ്റുകൾക്കെതിരെയും സ്വകാര്യവൽക്കരണത്തിനെതിരെയും ഇന്നും അവർ പ്രസംഗിക്കുന്നുണ്ട്. എന്നാൽ, ബിഒടി വിരുദ്ധ സമര പക്ഷത്തുള്ളവരും ഭൂമി നഷ്ടപ്പെട്ട് വഴിയാധാരമാകുന്നവരും ഉയർത്തുന്ന ന്യായമായ വിഷയങ്ങളിൽ 'ചർച്ചയില്ല' എന്ന നിലപാടാണ് പിണറായി വിജയൻ സ്വീകരിച്ചിരിക്കുന്നത്.

ദേശീയപാത വീതികൂട്ടുന്നതിന് വേണ്ടി 1972 മുതൽ കേരളത്തിൽ പലയിടത്തും 30 മീറ്ററും 30.5 മീറ്ററും വീതിയിൽ ഭൂമിയേറ്റെടുത്തിരുന്നു. ഇതിൽ ഏതാണ്ട് 15 ശതമാനം സ്ഥലത്തുമാത്രമാണ് 14 മീറ്റർ വീതിയുപയോഗിച്ച് 4 വരിപ്പാത പണിപൂർത്തിയാക്കിയിരിക്കുന്നത്. ബാക്കിയുള്ള സ്ഥലത്തും 4 വരി റോഡ് പണിതുകൊണ്ട് ആവശ്യമെങ്കിൽ ബാക്കി കിടക്കുന്ന 16 മീറ്റർ ഭൂമികൂടി ഉപയോഗപ്പെടുത്തി 6 വരിയായി കേരളത്തിലെ മുഴുവൻ ദേശീയപാതകളും സർക്കാരിന് വികസിപ്പിക്കാമായിരുന്നു. അതിന് അവർ തയ്യാറായില്ല. കാരണം, കഴിഞ്ഞ 2 ദശാബ്ദമായി റോഡുവികസനത്തിനായി ബിഒടി (ബിൽഡ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ) എന്ന പദ്ധതിയും ഭീകരമായ ടോൾ സമ്പ്രദായവും ഏർപ്പെടുത്താനുള്ള നീക്കത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. എല്ലാ ദേശീയപാതകളും ചുങ്കപ്പാതകളാക്കിമാറ്റി കുത്തക-കോർപ്പറേറ്റ് മുതലാളിമാർക്ക് കൈമാറിക്കൊണ്ട് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യവൽക്കരണപദ്ധതി നടപ്പിലാക്കാനാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നത്.

ഇന്ന് പല സംസ്ഥാനങ്ങളിലും ബിഒടി ടോൾ പദ്ധതി നടപ്പിലായിട്ടുണ്ട്. അവിടെ ദേശീയപാതകളിലുടനീളം കഴുത്തറുപ്പൻ ടോൾ കൊടുത്തേ യാത്രചെയ്യാൻ കഴിയൂ എന്ന അവസ്ഥയിലാണ്. കേരളത്തിലും ഈ ജനവിരുദ്ധ പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തെ ജനങ്ങൾ പ്രതിരോധിച്ചുവരികയാണ്. ഭൂമി നഷ്ടപ്പെടുന്നയാളുകൾ എൻഎച്ച് 17 ആക്ഷൻ കൗൺസിൽ, എൻഎച്ച് ആക്ഷൻ ഫോറം തുടങ്ങിയ ജനകീയ സമരസമിതികളിൽ സംഘടിതരായിക്കൊണ്ട് നടത്തുന്ന സമരമാണ് അതിന്റെ ചാലകശക്തി. ടോൾപ്പാതകൾക്കും ബിഒടിക്കുമെതിരെ നിലകൊള്ളുന്ന 38 സംഘടനകൾ അംഗമായുള്ള ദേശീയപാത സംരക്ഷണ സമിതിയും സമരത്തിനു പിന്തുണയുമായുണ്ട്. നിലവിൽ ഏറ്റെടുത്തിരിക്കുന്ന 30 മീറ്ററിനുള്ളിൽ ആറുവരിപ്പാത സുഗമമായി നിർമ്മിക്കാമെന്നും ആവശ്യമെങ്കിൽ ഇതേ റോഡിൽ തൂണുകൾ ഉയർത്തി മറ്റൊരു 6 വരി എലിവേറ്റഡ് പാതയും നിർമ്മിക്കാമെന്നും ഇന്നത്തെ ഹൈവേയുടെ ഗതാഗതപ്രശ്നങ്ങൾ വരുന്ന ഏതാനും ദശാബ്ദങ്ങളിലേയ്ക്ക് സ്ഥായിയായി പരിഹരിക്കാമെന്നും സമരസമിതി ചൂണ്ടിക്കാട്ടുന്നു.

മറിച്ച് 45 മീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്താൽ അത് കേരളത്തിൽ ഗുരുതരമായ സാമുഹിക പ്രശ്നങ്ങൾ സൃഷ്ടിക്കും. ഏതാനും ദശാബ്ദങ്ങൾക്കുങ്ങൾക്കുമുമ്പ് 30 മീറ്റർ വീതിയിൽ ഭൂമി വിട്ടുകൊടുത്തവരിൽ മിക്കവാറും കുടുംബങ്ങൾ ബാക്കിയുള്ള തുണ്ടു ഭൂമിയിൽ ഇതേ പാതയുടെ ഓരങ്ങളിലാണ് താമസമുറപ്പിച്ചിരിക്കുന്നത്. ഇരുവശവും 7.5 മീറ്റർ വീതം ഭൂമി വീണ്ടും ഏറ്റെടുത്താൽ ഇവരെല്ലാം വീണ്ടും വഴിയാധാരമാകും.

വി.എസ്.അച്യുതാനന്ദൻ നേതൃത്വം നൽകിയ മുൻ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ബഹുജനസമരത്തെ തുടർന്ന് ഈ വിഷയത്തിൽ ഒരു സർവ്വകക്ഷി യോഗം ചേരുവാൻ സർക്കാർ നിർബന്ധിതമായി. ഏറ്റവും അധികം ജനസാന്ദ്രതയുള്ള കേരളത്തിലെ തീരദേശത്തിലൂടെ 45 മീറ്റർ പാത അസാധ്യമാണെന്നും 30 മീറ്ററിൽ സർക്കാർ ചെലവിൽ നിലവിൽ ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് പാത നിർമ്മിക്കണമെന്നും 2010-ലെ സർവ്വകക്ഷിയോഗം തീരുമാനിച്ചു. വസ്തുതകൾ കേന്ദ്ര സർക്കാരിനെ ധരിപ്പിക്കാനായി കേരളത്തിൽനിന്നുള്ള ഒരു നിയമസഭാ സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരിനെ കണ്ടു. കേന്ദ്രസർക്കാർ ആ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് 45 മീറ്റർ ഭൂമിയേറ്റെടുക്കൽ നടപടികൾ നിർത്തിവച്ചു. അതിനെത്തുടർന്ന് ഏതാനും വർഷങ്ങൾക്കകം ഭൂമിയേറ്റെടുക്കലിനുവേണ്ടിയുള്ള എല്ലാ വിജ്ഞാപനങ്ങളും കാലഹരണപ്പെടുകയുണ്ടായി.

സമരത്തിനുണ്ടായ ഈ വിജയം അട്ടിമറിക്കാൻ ബിഒടി ലോബിയും അവരുടെ ദാസ്യത്തിലുള്ള ഭരണ-പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളും ചരടുവലി തുടങ്ങി. സർക്കാരിന്റെ കൈയിൽ പണമില്ല, ബിഒടിയും ടോൾ സമ്പ്രദായവുമില്ലാതെ ഹൈവേ വികസനം നടക്കില്ല, 45 മീറ്റർ ഭൂമിയേറ്റെടുത്താലേ റോഡുപണിയാനാകൂ എന്നൊക്കെയുള്ള കള്ളപ്രചാരണവുമായി അവർ രംഗത്തുവന്നു. ആദ്യസർവ്വകക്ഷിയോഗത്തിന്റെ തീരുമാനങ്ങളെ മറ്റൊരു സർവ്വകക്ഷിയോഗം തട്ടിക്കൂട്ടിക്കൊണ്ട് അവർ അട്ടിമറിച്ചു. ഇതൊക്കെയാണെങ്കിലും സമരം ശക്തിപ്പെട്ടു. ആ സർക്കാരിനും തുടർന്നുവന്ന ഉമ്മൻചാണ്ടി സർക്കാരിനും ഭൂമിയേറ്റെടുക്കാനായില്ല.

2016-ൽ അധികാരത്തിൽവന്ന പിണറായി സർക്കാർ ഒരു ചർച്ചയ്ക്കും തയ്യാറാകാതെ ഏകപക്ഷീയമായി 45 മീറ്റർ റോഡ് തങ്ങളുടെ ഭരണകാലത്തുതന്നെ നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സമരംചെയ്യുന്നവരുമായി ഒരു ചർച്ചയ്ക്കും തയ്യാറല്ലെന്ന് പിണറായി പറഞ്ഞു. സമരം ചെയ്യുന്നവരെ "മാന്യന്മാരായ ഗുണ്ടകൾ"എന്നാണ് പിണറായി വിശേഷിപ്പിച്ചത്.

കേരളത്തിലെ ഭരണകർത്താക്കൾക്ക് ഇപ്പോൾ കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി താരമാണ്. ആഴ്ചകൾക്കു മുൻപ് മുഖ്യമന്ത്രി പിണറായി വിജയനെ ദില്ലിയിൽ വച്ച് ഗഡ്കരി അഭിനന്ദിച്ചു. പാർട്ടി അത് ആഘോഷമാക്കി. ദേശീയപാതയ്ക്കായി ഇടംവലം നോ

*(ശേഷം 3-ാം പേജിൽ)*



**കീഴാറ്റൂരിൽ എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ ബഹുജന മാർച്ചിനെ അഭിസംബോധന ചെയ്യുന്നു. സമര ഐക്യദാർഢ്യ സമിതി ചെയർമാനും പാർട്ടി കണ്ണൂർ ജില്ലാകമ്മിറ്റി അംഗവുമായ ഡോ.ഡി.സുരേന്ദ്രനാഥ് സമീപം**

# വികസനത്തിന്റെ പാലിയേക്കര മോഡൽ!

- 12 വർഷമായിട്ടും പണി പൂർത്തിയാക്കിയില്ല.
- ഒരുദിവസം 25 ലക്ഷം രൂപ വരുമാനമെന്ന് കള്ളക്കണക്ക്
- മിനിമം 20 വർഷം ടോൾ പിരിക്കാനായി ബിഒടി കമ്പനിയുമായി കരാർ.
- പിരിച്ചെടുക്കുന്നത് ഒരു ദിവസം 1 കോടി രൂപയിൽ കൂടുതൽ.

സർക്കാരിന്റെ കൈയിൽ പണമില്ലാത്തതുകൊണ്ടാണ് ബിഒടിക്കാരെ പാതയേൽപ്പിക്കുന്നതെന്നതാണ് പിണറായി സർക്കാരിന്റെ ഒരു വാദം. കേരളത്തിൽ നടക്കാൻ പോകുന്ന ഏറ്റവും വലിയ സ്വകാര്യവൽക്കരണമായ ബിഒടി ടോൾപാതയെ ചെറുക്കാനുള്ള ബാധ്യത ഇടതുപക്ഷമെന്നവകാശപ്പെടുന്ന ഒരു സർക്കാരിനില്ലേ എന്ന ചോദ്യം ഇവിടെ ഉയരുന്നു. ബിഒടി എന്നത് ഭീകരമായ കുത്തിക്കവർച്ചയ്ക്കുള്ള ഉപാധിയാണെന്നാണ് അനുഭവം. ഉദാഹരണമായി തൃശൂർ പാലിയേക്കര ടോൾബൂത്തിൽ കഴിഞ്ഞ മൂന്നുകൊല്ലമായി നടക്കുന്ന കൊള്ളയുടെ കാര്യം തന്നെയെടുക്കാം.

ഇടപ്പള്ളി മുതൽ മണ്ണുത്തിവരെയുള്ള ആറുവരിപ്പാതയ്ക്കാണ് 2012 ജനുവരി മാസത്തിൽ ടോൾപിരിവ് തുടങ്ങിയത്. പാതയുടെ ആകെ നിർമ്മാണ ചെലവ് 390 കോടി രൂപയായിരുന്നു. ഒരു ദിവസം 25 ലക്ഷംരൂപ ടോൾ പിരിവിലൂടെ ലഭിക്കുമെന്ന് കമ്പനിയുടെ രേഖകൾ പറയുന്നു. എന്നാൽ ടോൾ വരുമാനത്തിന്റെ ഭൂരിഭാഗവും ഈ രേഖയിൽ വരുന്നില്ലെന്നും, യഥാർത്ഥത്തിൽ അത് ഒരു കോടിയോളം വരുമെന്നും പാലിയേക്കര സമരസമിതി വാളന്റിയർമാർ നടത്തിയ ജനകീയ കണക്കെടുപ്പിൽ വ്യക്തമായി. ആദ്യ രണ്ടുവർഷത്തെ ടോൾപിരിവുവഴി 600 കോടിയിലേറെ രൂപ ടോൾ കമ്പനിയ്ക്ക് ലഭിച്ചു. മറ്റൊരു 18 വർഷംകൂടി വ്യവസ്ഥ പ്രകാരം കമ്പനിക്ക് ടോൾപിരിക്കാം. വർഷാവർഷം ടോൾ നിരക്ക് വർദ്ധിപ്പിക്കാം. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് അവരുടെ ലാഭം വീണ്ടും കൂട്ടും. ആവശ്യമെങ്കിൽ നഷ്ടത്തിന്റെ വേറൊരു കള്ളക്കണക്ക് സമർപ്പിച്ചുകൊണ്ട് ടോൾ പിരിവിന്റെ കാലയളവ് വർദ്ധിപ്പിക്കാം. ഈ വ്യവസ്ഥകളെല്ലാം ബിഒടി കമ്പനിയും സർക്കാരും തമ്മിലുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടോൾ പിരിക്കുന്ന കമ്പനികൾക്ക് കോൺട്രാക്ട് മറ്റ് കമ്പനികൾക്ക് കൈമാറാം. ഇപ്പോൾ ഫ്രാൻസ് ആസ്ഥാനമാക്കിയുള്ള ഒരു കമ്പനിയാണ് ടോൾ പിരിക്കുന്നത് എന്നറിയുന്നു.

കേരളത്തിൽ നിലവിലുണ്ടായിരുന്ന ദേശീയപാതകളായ എൻഎച്ച് 17 ഉം, എൻഎച്ച് 47ന്റെ ഇടപ്പള്ളിമുതൽ കളിയിക്കാവിള വരെയുള്ള ഭാഗവും ചേർത്തുകൊണ്ട് 669 കിലോമീറ്റർ നീളത്തിൽ പുതിയ ദേശീയപാത 66 ആയി നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ട്. അതുകൂടാതെ വാളയാർ മുതൽ ഇടപ്പള്ളിവരെയുള്ള ദേശീയപാത എൻഎച്ച് 544-ലെ 160 കിലോമീറ്ററും കൂടി ചേർന്ന് 829 കിലോമീറ്ററിലായി ഇരുപതോളം ടോൾ ബൂത്തുകളാണ് പാലിയേക്കര മോഡലിൽ സ്ഥാപിക്കുവാൻ പോകുന്നത്. ഈ ടോൾ ബൂത്തുകളെല്ലാം ചേർന്ന് നടത്താൻപോകുന്ന പിടിച്ചുപറിയെക്കുറിച്ച് ഇടതു സർക്കാരിന് എന്താണ് പറയാനുള്ളത്?

### ടോൾ ബൂത്തുകൾ നടത്തുന്ന കൊള്ള താഴെപ്പറയുന്ന വസ്തുതകൾ വെളിവാക്കുന്നു

1. 2006 ൽ നാക്പാക് നടത്തിയ പഠനമനുസരിച്ച് അങ്കമാലി – മണ്ണുത്തി റൂട്ടിൽ ഒരു ദിവസം ശരാശരി കടന്നു പോകുന്നത് 26,000 വാഹനങ്ങളാണ്. 2018 ൽ 12 വർഷം കഴിഞ്ഞപ്പോൾ ഇരട്ടിയിലേറെ (ഏകദേശം 50,000) വർദ്ധിച്ചു. ദിവസേന ഒരു കോടി രൂപ പിരിച്ചെടുക്കും. (ടോൾനിരക്ക് മിനിമം 70 രൂപയും വലിയ വാഹനങ്ങൾക്ക് 540 രൂപയുമാണ് ).

2. ജനസാന്ദ്രത വളരെ കൂടിയ ഒരു പ്രദേശത്തു കൂടി ഇത്തരത്തിലുള്ള ഹൈസ്പീഡ് റോഡ് കൊണ്ടുവന്നതു കൊണ്ടു തന്നെ റോഡപകടങ്ങൾ 180 ശതമാനം വർദ്ധിച്ചു.

3. ടോൾ പിരിക്കുന്നതിന് യാതൊരു തടസ്സവുമുണ്ടാകാത്ത തരത്തിൽ എല്ലാ വിധ സംരക്ഷണവും (പോലീസുൾപ്പെടെ) കൊടുക്കുവാൻ സംസ്ഥാന സർക്കാരിനു ബാധ്യതയുണ്ടായിരിക്കും.

4. രാജ്യത്തെ വിലനിലവാര സൂചിക അനുസരിച്ച് നിരക്കുകൾ വർദ്ധിപ്പിക്കാൻ കമ്പിനിക്ക് സ്വന്തമായി തീരുമാനം കൈക്കൊള്ളാം.

5. ടെൻണ്ടർ കൈക്കൊണ്ട കെ.എം.സി കമ്പനി എഗ്രിമെന്റ് നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ എന്ന കമ്പനിക്കും പിന്നീട് ഒരു ഫ്രഞ്ച് കമ്പനിക്കും ടോൾ പിരിവ് കൈമാറി.

6. 20 ശതമാനം പണി ഇനിയും പൂർത്തിയായില്ല. നിശ്ചിതകാലാവധിക്കുള്ളിൽ പണി പൂർത്തിയായില്ലെങ്കിൽ ടോൾ പിരിക്കാൻ പാടില്ല എന്ന ഹൈക്കോടതി ഉത്തരവിനെ ലംഘിച്ചുകൊണ്ടാണ് ടോൾ പിരിക്കുന്നത്.

7. ഒരു സമയം 5 വാഹനത്തിൽ കൂടുതൽ ടോൾ ബൂത്തിലെ ക്യൂവിൽ വരുകയാണെങ്കിൽ ടോൾ പിരിക്കാതെ വാഹനങ്ങൾ കടത്തിവിടണം എന്ന ഹൈക്കോടതി ഉത്തരവിനെയും ലംഘിച്ചുകൊണ്ടാണ് ടോൾ പിരിക്കുന്നത്.

8. ജനസാന്ദ്രത കൂടിയ മേഖല എന്ന പരിഗണനയിൽ കൂടുതൽ മേൽപ്പാലങ്ങൾ നിർമ്മിക്കേണ്ടതിനുപകരം അശാസ്ത്രീയമായ സിഗ്നൽ സംവിധാനം ഉണ്ടാക്കിയതുമൂലം അപകടങ്ങൾ പെരുകി. മരണ നിരക്കുകൾ കൂടി.

കേരളത്തിന്റെ സാമൂഹിക- പാരിസ്ഥിതിക സംവിധാനങ്ങൾക്ക് ഇത്തരം പാതകൾ തീരെ നിരക്കുന്നതല്ലെന്ന് അനുദിനം വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ●

## നഷ്ടപരിഹാര- പുനരധിവാസ പാക്കേജുകൾ: സർക്കാരുകളുടെ പൊള്ളയായ വാഗ്ദാനങ്ങൾ

ലക്ഷക്കണക്കിനാളുകളെ ബാധിക്കുന്ന ഈ പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും നൽകാൻ കാര്യമായ യാതൊരു പദ്ധതിയും സർക്കാരിനില്ല. 1894-ലെ ബ്രിട്ടീഷുകാരന്റെ പൊന്നുംവില നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് 1956 ലെ ഹൈവേ ആക്ട് ദേശീയപാതക്ക് ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. തികച്ചും ജനാധിപത്യവിരുദ്ധമായ നടപടികളാണ് ഇതിലടങ്ങിയിരിക്കുന്നത്. നന്ദിഗ്രാം-സിംഗൂർ-മൂലമ്പിള്ളി തുടങ്ങിയ നിരവധി കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ പാർലമെന്റിൽ പാസാക്കിയ പുനരധിവാസ-നഷ്ടപരിഹാര നിയമം പാസാക്കി. ഈ ആക്ട് പ്രകാരം പല ജനാധിപത്യ സാമൂഹ്യ മര്യാദകൾ പാലിക്കുവാൻ സർക്കാരിനെ നിർബന്ധിതരായതിനാൽ ദേശീയപാതക്ക് ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം എൻ.എച്ച് ആക്ട് 1956 അനുസരിച്ചാക്കി സർക്കാർ മാറ്റിയത്. എന്നാൽ നഷ്ടപരിഹാരം മാത്രം 2013 ലെ ആക്ട് അനുസരിച്ചാക്കുമെന്ന് സർക്കാർ ആവർത്തിച്ചു പറയുന്നു.

ഇരകളാകുന്നവർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കുവാൻ സർക്കാരിന് ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ എൻ.എച്ച് ആക്ട് 56 നോടോപ്പം ഈ വിജ്ഞാപനവും കൂടി പുറപ്പെടുവിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ വിജ്ഞാപനം തന്നെ 2013 ആക്ട്നുസരിച്ചായിരിക്കണമായിരുന്നു. സർക്കാരിന്റെ വാദം പൊള്ളയാണന്ന് തെളിയിക്കുന്ന മറ്റൊരു വസ്തുതകൂടിയുണ്ട്.

ഒരു കിലോമീറ്ററിന് 6 കോടി രൂപയാണ് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടതെന്നും എന്നാൽ മറ്റുസംസ്ഥാനങ്ങളിൽ 65 ലക്ഷംമാത്രമാണ് നൽകിയതെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

മാതൃഭൂമി ദിനപത്രത്തിൽ വന്ന വാർത്ത അനുസരിച്ച് ഒരു സെന്റിന് 40 ലക്ഷം മുതൽ ഒരു കോടിയോളം രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ലഭിക്കുമെന്ന് അറിയിച്ച് കേരള സർക്കാർ ഭൂവുടമകളെ തെറ്റിദ്ധരിപ്പിക്കുകയാണ്. എന്നാൽ സർക്കാർ പുറപ്പെടുവിച്ച രേഖയിൽ കാണുന്നത് നാല്പത് ലക്ഷം രൂപ ഒരു ഹക്ടറിന്റെ വിലയാണെന്നാണ്. അതായത് ഒരു സെന്റിന് 16200 രൂപ മാത്രം.

മൂലമ്പിള്ളിയിൽ ഭൂമി നഷ്ടപ്പെട്ടവരുടെ അനുഭവം എല്ലാവർക്കും ഒരു മുന്നറിയിപ്പാണ്. 316 കുടുംബങ്ങളെയാണ് അധികൃതർ ബുൾഡോസർ കൊണ്ട് ഇടിച്ചുനിരത്തിയത്. പിന്നീട് നടന്ന ശക്തമായ സമരത്തിന്റെ ഫലമായി മൂലമ്പിള്ളിക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കുവാൻ സർക്കാർ നിർബ്ബന്ധിതമായി. എന്നാൽ എൽഡിഎഫ് സർക്കാർ അന്ന് കുടിയിറക്കിയവർക്ക്, 10 വർഷത്തിനുശേഷവും പാക്കേജിലെ വ്യവസ്ഥകൾ പ്രകാരമുള്ള പുനരധിവാസം 44 കുടുംബങ്ങൾക്കൊഴികെ ആർക്കും പൂർണ്ണമായി ലഭിച്ചിട്ടില്ല. കക്ഷി-രാഷ്ട്രീയത്തിനതീതമായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും സമരസഹായസമിതിയുടേയും നേതൃത്വത്തിൽ മൂലമ്പിള്ളിക്കാർ നടത്തിയ സമരം വീണ്ടും ശക്തമായി മുന്നോട്ട് പോകുകയാണ്.

ഭൂമിവിട്ടു നൽകുന്നവർ തീർത്തും വഴിയാധാരമാകുമെന്ന വസ്തുത മനസ്സിലാക്കി സർക്കാരിന്റെയും മറ്റ് നിക്ഷിപ്ത താത്പര്യക്കാരുടെയും കുപ്രചാരണത്തിൽ ജനങ്ങൾ കുടുങ്ങിക്കൂടാ! ●

എൻ എച്ച് സമരത്തിനു നേരെയുള്ള പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് എസ്.യു.സി.ഐ (സി) കൊടുങ്ങല്ലൂർ ലോക്കൽക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ യോഗത്തിൽ പാർട്ടി ജില്ലാക്കമ്മിറ്റിയംഗം സ.സി.കെ.ശിവദാസൻ പ്രസംഗിക്കുന്നു.



# വീണ്ടും കുടിയൊഴിപ്പിക്കൽ : വീട്ടമ്മമാർ കളക്ട്രേറ്റിനു മുമ്പിൽ കലം ഉടച്ച് പ്രതിഷേധിച്ചു

ദേശീയപാത 17ന് വേണ്ടി ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെ ഒരിക്കൽ കുടിയിറക്കിയവരെ വീണ്ടും കുടിയിറക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ നൂറുകണക്കിന് വീട്ടമ്മമാരുടെ നേതൃത്വത്തിൽ അടുക്കള ബഹിഷ്കരിച്ച് നടത്തിയ കലം ഉടക്കൽ സമരത്തിൽ പ്രതിഷേധം ഇരമ്പി.

30മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തിട്ട് ഒരു വരി റോഡ് പോലും നിർമ്മിക്കാതെ അതിന് വേണ്ടി കുടിയിറക്കപ്പെട്ട് പുറകോട്ട് മാറി താമസിക്കുന്ന ആയിരത്തോളം കുടുംബങ്ങളെ രണ്ടാമതും കുടിയൊഴിപ്പിച്ച് 15 മീറ്റർ കൂടി ഏറ്റെടുക്കാനുള്ള സർക്കാർ നീക്കത്തിനെതിരെയാണ് എൻഎച്ച് 17 സംയുക്ത സമരസമിതി സമരം സംഘടിപ്പിച്ചത്.

എൻഎപിഎം സംസ്ഥാന കോ-ഓർഡിനേറ്റർ പ്രൊഫസർ കുസുമം ജോസഫ് സമരം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന പ്രതിഷേധയോഗം സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.



എറണാകുളത്ത് കളക്ടറേറ്റിനുമുമ്പിൽ വീട്ടമ്മമാർ കലം ഉടച്ച് പ്രതിഷേധിക്കുന്നു

സംയുക്ത സമര സമിതി ജില്ലാ പ്രസിഡന്റ് ഹാഷിം ചേന്നാമ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. കെ.വി. സത്യൻ മാസ്റ്റർ സ്വാഗതം പറഞ്ഞു.

ടി.കെ.സുധീർ കുമാർ(എൻഎച്ച് 17 ആക്ഷൻ കൗൺസിൽ), മാഗ്ളിൻ പീറ്റർ, ജ്യോതിവാസ് പറവൂർ, കെ.പി.വിശ്വനാഥൻ, ഫൈസൽ, കുരുവിള മാത്യൂസ്, മുജീബ് റഹ്മാൻ, സി.കെ.ശിവദാസൻ, കെ.പി.സാൽവിൻ(എസ്‌യുസിഐ(സി)), വിജയരാഘവൻ ചേലിയ, ദിനേശൻ(ജനകീയ പ്രതിരോധ സമിതി), കെ.കെ.ശോഭ (അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന), ജസ്റ്റിൻ ഇലഞ്ഞിക്കൽ, വിജയൻ, മാത്തപ്പൻ കാനപ്പിള്ളി, ടോമി ചന്തപ്പറമ്പിൽ, പ്രൊഫ.നാണപ്പൻപിള്ള, രാജൻ ആന്റണി, സി.വി.ബോസ്, അറക്കൽ ടോമി, ജാഫർ മംഗലശേരി, കെ.എസ്.സക്കരിയ്യ, അബ്ദുൽ ലത്തീഫ്, പോൾ തിരുമുപ്പം, രാജേഷ് കാട്ടിൽ, അഷ്റഫ്, ഉബോൾഡിൻ, പ്രവീൺ എന്നിവർ പ്രസംഗിച്ചു ●

# പാപ്പിനിശേരി തുരുത്തികോളനി നിവാസികളുടെ പ്രക്ഷോഭം

**കണ്ണൂർ:**പാപ്പിനിശ്ശേരി തുരുത്തിയിൽ നാഷണൽ ഹൈവേയ്ക്കു വേണ്ടി അന്യായമായ സർവ്വേ നടത്തുവാനെത്തിയ ഉദ്യോഗസ്ഥരെ തടഞ്ഞു. ബലപ്രയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അടങ്ങുന്ന പ്രതിഷേധക്കാരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ പാപ്പിനിശ്ശേരി തുരുത്തി കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സർവ്വേ തടഞ്ഞത്. സമരത്തിന് നേതൃത്വം നൽകിയ ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് കൺവീനർ കെ.കെ.സുരേന്ദ്രൻ, കേരളാ ദളിത് ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് കെ.ചന്ദ്രബാനു, തുരുത്തി ആക്ഷൻ കൗൺസിൽ ചെയർമാൻ കെ.നിഷിൽകുമാർ,ആക്ഷൻ കൗൺസിൽ ജില്ലാ കമ്മിറ്റിയംഗം അകിൽമുരളി, ജെ.ലീല, കെ.സിന്ധു,പ്രീത,കെ.ബീന,എ.അനിത എന്നിവരെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്തു നീക്കി ബലപ്രയോഗത്തിലൂടെയാണ് സർവേ നടത്തിയത്.

തുരുത്തി പട്ടികജാതി കോളനിയിലെ ഇരുപത്തഞ്ചോളം വീടുകളും നൂറിൽപ്പരം കുടുംബങ്ങളെയുമാണ് ഇവിടെ കുടിയൊഴിപ്പിക്കേണ്ടത്. ●



ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് കൺവീനർ കെ.കെ.സുരേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു



മലപ്പുറം കുറ്റിപ്പുറത്ത് നടന്ന സമരത്തിൽ അബുല്ലൈസ് പ്രസംഗിക്കുന്നു. ഇ.വി.മുഹമ്മദലി, ആസാദ്, സി.ആർ. നീലകണ്ഠൻ,ഹാഷിം ചേന്ദാംപിള്ളി, സി.കെ.ശിവദാസൻ തുടങ്ങിയവർ സമീപം.

# ബിഒടി – ടോൾ പാതയ്ക്കുവേണ്ടി ഭൂമിതട്ടിയെടുക്കരുത്....

*(1-ാം പേജിൽ നിന്നും തുടർച്ച...)*

ക്കാതെ അത്യാവേശത്തോടെ ഭൂമി ഏറ്റെടുക്കുന്നത് കേരള മുഖ്യനാണെന്നായിരുന്നു ഗഡ്കരിയുടെ പ്രശംസാ വാചകം.

കേന്ദ്രമന്ത്രിയുടെ പ്രശംസ ഏറ്റുവാങ്ങിയ മുഖ്യമന്ത്രി പിണറായി വിജയൻ ഭൂമി ഏറ്റെടുക്കൽ വളരെ വേഗത്തിൽ പൂർത്തിയാക്കുമെന്ന് ബിജെപി മന്ത്രിക്ക് വാക്കു കൊടുക്കുകയും പ്രതിഷേധങ്ങളെ ഗൗരവമായി കാണുന്നില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. വീടും സ്ഥലവും നഷ്ടമാകുന്ന വലിയ ആശങ്കയിൽ കഴിയുന്ന സ്വന്തം ജനങ്ങളുടെ പ്രതിഷേധത്തെ ഗൗരവമായി കാണുന്നില്ലെന്ന് പ്രഖ്യാപിക്കുക വഴി പിണറായി കേന്ദ്രസർക്കാരിന്റെ നല്ല കുട്ടിയായി.

ലുലു ഗ്രൂപ്പിന്റെ പരിപാടിക്ക് കേരളത്തിലെത്തിയ ഗഡ്കരി, വികസനത്തിൽ രാഷ്ട്രീയം നോക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ച കേരള മുഖ്യനെ വീണ്ടും അഭിനന്ദിച്ചു.

മുഴുവൻ ശക്തിയുമുപയോഗിച്ച് ഭൂമിയേറ്റെടുക്കുമെന്നും സമരനേതാക്കൾക്കെതിരെ രാജ്യദ്രോഹക്കുറ്റത്തിന് കേസ്സെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. ആവശ്യമുള്ളത്ര ഭൂമി മോദി സർക്കാരിന് ഏറ്റെടുത്തുകൊടുക്കാമെന്ന് വാക്ക് നൽകിക്കൊണ്ട് ഇപ്പോൾ കേരളത്തിൽ പുതിയ വിജ്ഞാപനങ്ങൾ ഇറക്കിക്കൊണ്ട് ഭൂമിയേറ്റെടുക്കലിന്റെ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്.

ദേശീയ പാതയുടെ പുതിയ വികസനം തൃശൂർപാലിയേക്കര ടോൾ മോഡലിൽ ആണ്. 390 കോടി മുടക്കി ഒരു വർഷം കൊണ്ട് മുടക്കുമുതൽ തിരിച്ചു പിടിച്ച് വീണ്ടും 20 വർഷം മുതൽ 30 വർഷം വരെ കൊള്ള പിരിവ് നടത്തുന്ന നവ ലിബറൽ നയം. ബി.ജെ.പി യുടെ കേന്ദ്രമന്ത്രി നിധിൻ ഗഡ്ഗരിയും സി.പി.ഐ. (എം) സംസ്ഥാന പൊതുമരാമത്തു വകുപ്പുമന്ത്രി ജി.സുധാകരനും ചേർന്ന് പാത വികസിപ്പിക്കുന്നത് ഈ നയം നടപ്പിലാക്കാനാണ്. ഈ പിടിച്ചുപറിയുടെ വിഹിതം കിട്ടുമെന്നതുകൊണ്ടാണ് പല നേതാക്കളും ഇത്തരം വികസനത്തിന് വേണ്ടി മുറവിളി കൂട്ടുന്നത്.

തങ്ങളുടെ കൈയിൽ പണമില്ലെന്ന സംസ്ഥാന സർക്കാരിന്റെ വാദം പൊള്ളയാണ്. വാഹനനികുതി, ഇന്ധനനികുതി, സെസ്സ് എന്നിവയിലൂടെയും ഭീമമായ തുകയാണ് സംസ്ഥാന സർക്കാർ ഓരോ വർഷവും പിരിച്ചെടുക്കുന്നത്. 2017-ലെ വാഹനനികുതി മാത്രം 4683 കോടിയിലേറെയാണെന്ന് 2018-ലെ സംസ്ഥാന ബജറ്റിൽ ധനകാര്യമന്ത്രി തോമസ് ഐസക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇതുകൂടാതെ പെർമിറ്റ്, മറ്റു ടാക്സുകൾ, പിഴതുടങ്ങിയവയിൽനിന്ന് ആയിരക്കണക്കിന് കോടിയാണ് പിരിച്ചെടുക്കുന്നത്. കേരളത്തിൽനിന്നും ഓരോ ദിവസവും ജനങ്ങൾ വാങ്ങുന്ന പെട്രോൾ, ഡീസൽ എന്നിവയിൽനിന്ന് 20 കോടി രൂപയെങ്കിലും വരുമാനമുണ്ടാകുന്നുവെന്ന് 2017 ഏപ്രിൽ 13 ലെ ഇന്ത്യൻ എക്സ്പ്രസ് പത്രം വിശദീകരിക്കുന്നു. പ്രതിമാസവരുമാനം ശരാശരി 600 കോടിയും പ്രതിവർഷം വിശേഷാവസരങ്ങൾ ഉൾപ്പെടെ, 8000 കോടി കവിയുമെന്നുമാണ് കണക്ക്. വാഹനഗതാഗതവുമായി ബന്ധപ്പെട്ടുള്ള സ്പെയർപാർട്ട്സ്, ഓയിൽ എന്നിവയിൽ നിന്നുള്ള നികുതി ഇതിൽ ഉൾപ്പെടുത്തിയിട്ടേയില്ല. ഇതിന്റെ ഒരു പത്തുശതമാനമെങ്കിലും പുതിയ റോഡ് വികസനത്തിനായി പ്രതിവർഷം മാറ്റിവച്ചാൽ, 1000 കോടിയിലധികം രൂപ കേരളത്തിനുതന്നെ ഹൈവേ വികസനത്തിന് മാറ്റിവയ്ക്കാവുന്നതേയുള്ളൂ. പലയിടത്തും നിലവിലുള്ള 2 ലൈൻ റോഡുകൾ തന്നെ ആറുവരിയായി വികസിപ്പിക്കാം. സർക്കാർ പണം മുടക്കി ബിഒടിയും ടോളുമില്ലാതെ പാതകൾ വികസിപ്പിക്കുന്ന ഒരു നടപടി കേരളത്തിൽ കൈക്കൊള്ളാൻ കഴിഞ്ഞാൽ സർക്കാരിന്റെ പണം (മൊത്തം ചെലവിന്റെ 40% സബ്സിഡിയായി) ബി.ഒ.ടി മുതലാളി തട്ടിയെടുക്കുന്നതും ഒഴിവാക്കാം. നാമമാത്രമായ കുടിയൊഴിപ്പിക്കലേ വേണ്ടിവരികയുമുള്ളൂ. സ്വദേശ-വിദേശ കുത്തകമുതലാളിമാർക്ക് ഒത്താശചെയ്യുന്ന കേന്ദ്രമോദി സർക്കാരിന് നൽകാവുന്ന ശക്തവും മാതൃകാപരവുമായ രാഷ്ട്രീയ തിരിച്ചടിയായിരിക്കും അത്.

കേന്ദ്രസർക്കാരിൽ നിന്ന് അർഹമായ വിഹിതം വാങ്ങിയെടുക്കാനും സംസ്ഥാന സർക്കാരിന് കഴിയണം. ബാങ്കുകളിൽ മുടക്കം വരുത്തിയിട്ടുള്ള കുത്തക മുതലാളിമാരുടെ സ്വത്തിൽനിന്നും നിക്ഷേപത്തിൽനിന്നും അത് തിരിച്ചുപിടിക്കാൻ സർക്കാർ കൂട്ടാക്കുന്നില്ല. പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളും ഇൻഫ്രാ സ്ട്രക്ച്ചറും മെച്ചപ്പെടുത്താനുള്ള തുകയാണ് ഇത്തരത്തിൽ ദുർവ്യയം ചെയ്തുകൊണ്ട് കൊടിയ അഴിമതി കേന്ദ്രസർക്കാർ നടത്തുന്നത്. റോഡ് നിർമ്മാണത്തിന് പണം ഇല്ലെന്ന പരാതി മുഴക്കുന്നത് പൊതുവഴികൾ സ്വകാര്യമൂലധനത്തിന് കൈമാറാനുള്ള ഗൂഢതന്ത്രമാണ്.

ഹൈവേയിലെമ്പാടും ഏറ്റെടുത്തിട്ടിരിക്കുന്ന ഭൂമിയിൽ ഇത്രനാളും റോഡ് പണിയാതെ നിലവിലുള്ള റോഡിന്റെ കുഴിപോലും മൂടാതെ സമരംനടത്തുന്നവർക്കെതിരെ യാത്രക്കാരുടെ വികാരം ഇളക്കിവിടാൻ ശ്രമിക്കുന്നതിന്റെ പിന്നിലുള്ള ഗൂഢാലോചനയും നാം കാണണം.

ലക്ഷക്കണക്കിനാളുകൾക്ക് ഭൂമിയും വീടും കച്ചവടവും ചെറുകിടവ്യവസായങ്ങളും ജീവനോപാധികളും നഷ്ടപ്പെടുന്ന ദേശീയപാതയുടെ 45 മീറ്ററിലുള്ള കുടിയൊഴിപ്പിക്കൽ കഴിഞ്ഞാൽ ഇതിൽ ബഹുഭൂരിപക്ഷവും തെരുവാധാരമാകും. ഇന്നത്തെ അവസ്ഥയിൽ ഒരു നഷ്ടപരിഹാരവും പുനരധിവാസവും നടപ്പാക്കില്ലെന്ന് സ്പഷ്ടം. വ്യാപാരസ്ഥാപനങ്ങളെയും വാടകക്കാരെയും അതിലെ തൊഴിലാളികളെയും കണക്കിൽപ്പെടുത്തിയിട്ടുപോലുമില്ല.

ബിഒടി കൊള്ളക്കാർക്കുവേണ്ടി, റോഡുകളിൽ വൻ ടോൾ പിരിച്ചെടുക്കുവാനും സ്വകാര്യവൽക്കരിക്കുവാനുമുള്ള ഈ നീക്കത്തിനെതിരെ ദേശീയപാത സമരസമിതികളായ ആക്ഷൻ കൗൺസിലും ആക്ഷൻഫോറവും നടത്തുന്ന സമരത്തിന് ശക്തമായ പിന്തുണനൽകുവാൻ ഏവരോടും അഭ്യർത്ഥിക്കുന്നു ●

REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

# UNITY

MALAYALAM MONTHLY(SUPPLEMENT)

Vol.45 No.02
Donation : Rs 5.00
May 2018

# ജനകീയ സമരങ്ങളെ ഇടതു മുന്നണി അടിച്ചമർത്തുന്നു

**ജ**നകീയ സമരങ്ങളെ അടച്ചമർത്തുന്ന പ്രവണത സി.പി.ഐ (എം) അനുവർത്തിച്ചുവരുന്നത്. വിളപ്പിൽശാലയിലും, മൂലമ്പിള്ളി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും, ചെങ്ങറയിലും, പതുവയ്പ്പിലുമെല്ലാം അനുവർത്തിച്ച അതേ അടിച്ചമർത്തൽ നയമാണ് ടോൾപാതക്കുവേണ്ടി കേരളത്തിലുടനീളവും ചെയ്യുന്നത്. കീഴാറ്റൂരും, മലപ്പുറം ജില്ലയിലുടനീളവും പോലീസ് രാജ് ഏർപ്പെടുത്തിക്കൊണ്ട് ഭുമി പിടിച്ചെടുക്കാനുള്ള സർവ്വേ നടപടികളാണ് സർക്കാർ നടത്തിയത്. എആർ നഗർ, അരീതോട്, വലിയപറമ്പ് എന്നീ പ്രദേശങ്ങളിൽ സമാധാനപരമായി പ്രതിഷേധിച്ചവരുടെ മേൽ പോലീസ് തേർവാഴ്ചയാണ് നടത്തിയത്. വീടുകളിൽ കയറി സ്ത്രീകളെയും കൂട്ടികളെയും ആക്രമിച്ചുകൊണ്ട് സർക്കാർ തങ്ങളുടെ മുഖം കൂടുതൽ കൂടുതൽ വികൃതമാക്കുകയാണ്.

തെരുവിൽ നിന്നും പോലീസിനെ പിൻവലിച്ച് ചുങ്കപ്പാത പദ്ധതി അവസാനിപ്പിച്ചില്ലെങ്കിൽ കേരളത്തിലെ ഭരണംകൂടി എന്നെന്നേക്കുമായി സിപിഐ(എം)ന് അവസാനിപ്പിക്കേണ്ടിവരും. ഒരുസമയത്തു സമരവുമായി സഹകരിച്ചു വന്നിരുന്ന വിവിധ വ്യവസ്ഥാപിത രാഷ്ട്രീയപ്പാർട്ടികളുടെ ചില നേതാക്കളുമായ ധാരണയുണ്ടാക്കി. ഈ നേതാക്കളെ സമരത്തിൽ നിന്നകറ്റുന്നതിന് വേണ്ടി അവരുടെ മേൽ പലതരം സമ്മർദ്ദങ്ങൾ നിരന്തരം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു.

സമരം ചെയ്യുന്നവർ വികസന വിരോധികളാണെന്നും സർക്കാരിനെതിരെയുള്ള രാഷ്ട്രീയ പേരീതമാണെന്നും ജനങ്ങളുടെ ഇടയിൽ തെററിദ്ധാരണ പടർത്തി സമരക്കമ്മിറ്റികളെ ഒറ്റപ്പെടുത്താനുള്ള നീക്കമാണ് സർക്കാർ ഇപ്പോഴും നടത്തുന്നത്. സമരപ്രവർത്തകരുടെ ആത്മവിശ്വാസം കെടുത്താൻ ഉന്നം വച്ചുകൊണ്ടുള്ള വ്യാജവാർത്തകൾ പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും ദിനംപ്രതി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. മാധ്യമ പ്രവർത്തകരെ വിലക്കെടുത്തുകൊണ്ട് നിരന്തരമായി അസത്യം കുത്തിത്തിരുകിയ വാർത്തകൾ പടച്ചുവിടുന്ന ഒരു ലോബി ബി.ഒ.ടി മാഫിയക്കായി സജീവമായി സംസ്ഥാനത്ത് പ്രവർത്തന സജ്ജമായി നിലകൊള്ളുന്നതായി സംശയിക്കോണ്ടിയിരിക്കുന്നു.

കണ്ണൂർ ജില്ലയിൽ കീഴാറ്റൂരിൽ കൃഷിയും കൃഷിഭൂമിയും സംരക്ഷിക്കുവാൻ വയൽകിളികൾ നടത്തുന്ന സമരത്തെ യാതൊരു മനുഷ്യത്വമില്ലാതെയാണ് പോലീസ് അടിച്ചമർത്തിയത്.സ്ത്രീകളുൾപ്പെടെയുള്ള സമരനേതാക്കളെ തല്ലിച്ചതച്ചു. സമരപന്തലിന് തീയിട്ടു. വയൽകഴുകൻമാരുടെ സമരമാണെന്ന് പറഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ സമരക്കാരെ അപമാനിച്ചു. സി.പി.ഐ.(എം) എന്ന പ്രസ്ഥാനത്തിനുവേണ്ട് ജിവനും ജിവിതവും കൊടുത്തു നിലകൊണ്ട പാർട്ടിസഖാക്കളെ തന്നെയാണ് ഇവർ അടിച്ചമർത്താൻ ശ്രമിച്ചത്.

ആക്ഷൻ കൗൺസിലിന്റെ നേതാക്കളോട് സമരത്തിൽനിന്നും വിട്ടുനിൽക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും, അല്ലാത്തപക്ഷം രാഷ്ട്രവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ ജാമ്യമില്ലാത്ത വകുപ്പുകൾ ചാർത്തി അറസ്റ്റുചെയ്യുമെന്നറിയിച്ചുകൊണ്ടും പോലീസ് നോട്ടീസ് പുറപ്പെടുവിച്ചു. മലപ്പുറത്ത് മുസ്ലീംതീവ്രവാദികളും മാവോയിസ്റ്റുകളും വരെ സ്മരത്തിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്ന് കുപ്രചാരണവും ആരംഭിച്ചു. അളവുതുടങ്ങുന്ന ദിവസത്തിനുമുമ്പുതന്നെ ഈ വിഷയത്തിൽ പോസ്റ്റർ പ്രചാരണം നടത്തിയ സമരപ്രവർത്തകരെ കരുതൽ തടങ്കലിലാക്കി. ആയിരത്തോളംവരുന്ന സമരക്കാരെ കുറ്റിപ്പുറത്ത് തടയാൻ വന്നത് അതിന്റെ നാലിരട്ടിയോളം പോലീസുകാരായിരുന്നു. മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പോലീസ്, മലബാർ സ്പെഷ്യൽ പോലീസ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്നിവരടങ്ങുന്ന വൻ സായുധസംഘത്തെ സമരത്തെ തടയാൻ വേണ്ടി അണിനിരത്തി. പ്രക്ടനം നടത്തിയാൽപോലും അറസ്റ്റു ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. പോലീസിനെക്കൊണ്ട് പ്രകോപനം സൃഷ്ടിച്ച് രക്തപ്പുഴയൊഴുക്കാനുള്ള നീക്കമായിരുന്നു സർക്കാരിന്റേത്. ●

## കരമന കളിയിക്കവിള പാത: 30 മീറ്ററിൽ 6 വരി




**കരമന–കളിയിക്കവിള റോഡിന്റെ മാതൃകയിൽ കേരളത്തിലുള്ള എല്ലാ ദേശീയപാതകളും 30 മീറ്ററിൽ 6 വരിപ്പാതയായി വികസിപ്പിക്കുമെന്ന് യുഡിഎഫ് സർക്കാരിന്റെ ഭരണ കാലത്ത് പ്രഖ്യാപിച്ച് മുഴുവൻ പേജ് പത്രപരസ്യവും നൽകി.**

**ജനങ്ങളുടെ ശക്തമായ പ്രതിഷേധം മൂലമാണ് കേരളത്തിലെങ്കിലും കോൺഗ്രസിന് ഇങ്ങനെയൊരു തീരുമാനം കൈക്കൊള്ളേണ്ടിവന്നത്. എന്നാൽ ജനവികാരത്തെ പരിപൂർണ്ണമായി അവഗണിക്കുന്ന ഒരു നിലപാടാണ് ഇടതുപക്ഷ രാഷ്ട്രീയം പറയുന്ന സി.പി.ഐ (എം) നേതൃത്വം നൽകുന്ന പ്രസ്ഥാനങ്ങൾ സ്വീകരിച്ചത്.** ●

## ദേശീയപാതയുടെ ഓരങ്ങളിലുള്ള നിർമ്മാണത്തിന് കടുത്ത നിയന്ത്രണങ്ങളും പിഴയും

**ഹൈ**വേയുടെ ഓരങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിരോധനമേർപ്പെടുത്തിക്കൊണ്ടുള്ള MoRTH (മിനിസ്റ്ററി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേസ്) ന്റെ നിബന്ധനകൾ കടുത്ത പ്രത്യാഘാതമാണ് സൃഷ്ടിക്കുവാൻ പോകുന്നത്. ഹൈവേയുടെ വശങ്ങളിൽനിന്ന് 80 മീറ്റർവരെ പുതിയ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കില്ല. ഹൈവേയ്ക്കായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് പിന്നിൽ ഭൂമിയുണ്ടെങ്കിൽപോലും പഴയതുപോലുള്ള നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കില്ലെന്ന് സാരം. നിലവിലുള്ള ഹൈവേയ്ക്ക് പകരമായി നിർമ്മിക്കുന്ന പുതിയ ബിഒടി ചുങ്കപ്പാതയിലേയ്ക്ക് ഇപ്പോഴുള്ളതുപോലെ വശങ്ങളിൽനിന്നുള്ള പ്രവേശനവും നിരോധിക്കും. നിലവിലുള്ള ഹൈവേയിൽ ആവസാനിക്കുന്ന ആയിരക്കണക്കിന് ചെറുറോഡുകളും വീടുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കുമുള്ള പ്രവേശനകവാടങ്ങളും ഇനിമേൽ അനുവദിക്കില്ല. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ആവശ്യമായി വന്നാൽ മോർത്തിന്റെ എൻഓസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ അനുമതിക്കായി ലക്ഷക്കണക്കിനുരൂപ കെട്ടിവയ്ക്കേണ്ടിവരും. ഈ പണം കെട്ടിവച്ചാൽ മോർത്ത് ഏർപ്പെടുത്തിയിരിക്കുന്ന ചില പ്രത്യേക പ്രൈവറ്റ് ഏജൻസികൾവഴി മാത്രമേ അപേക്ഷ നൽകാൻ കഴിയൂ. ഈ പ്രൈവറ്റ് കൺസൾട്ടൻസികൾക്കും റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വൻതുക നൽകേണ്ടിവരും. ഈ നിയമം കേന്ദ്രഗവൺമെന്റ് പാസ്സാക്കുന്നത് 2013 അവസാനത്തിലാണ്. കേരളത്തിലിപ്പോഴാണത് പ്രാബല്യത്തിലാകുന്നത്. ഇതു സംബന്ധിച്ച് നിയമസഭയിലുണ്ടായ ചോദ്യത്തിന് ഇതു കേന്ദ്ര നയമാണെന്നും കേരളത്തിൽ അത് നടപ്പാക്കേണ്ടിവരുമെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്.

അഖിലേന്ത്യാതലത്തിൽ 138 കൺസൾട്ടൻസികളെയാണ് ഇതിനായി കേന്ദ്ര ഗവൺമെന്റ് തെരഞ്ഞെടുത്തിരിക്കുന്നത്. കേരളത്തിൽ സമാറ കൺസൾട്ടൻസ് ആന്റ് ഡെവലപ്പേഴ്സിനാണ് അനുമതി ലഭിച്ചിരിക്കുന്നത്. വീടുകളുടെ നിർമ്മാണത്തിനായി അപേക്ഷാഫീസായി 10000 രൂപയും കൺസൾട്ടന്റ് ഫീസായി 30000 രൂപയും ഈടാക്കും. സ്കൂളുകൾക്കും മറ്റു സംരംഭങ്ങൾക്കും ഇത് യഥാക്രമം 1,80,000 രൂപയും 3,20,000 രൂപയും ആയിരിക്കും. റോഡ് സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് നേരിടേണ്ടിവരുന്ന കടുത്ത പിഴയും ദുരിതവും നാം ഊഹിക്കുന്നതിനുമപ്പുറമാണ്. ●




**ചാവക്കാട് എൻ.എച്ച് ആക്ഷൻ കൗൺസിൽ സംഘടിപ്പിച്ച ജന ജാഗ്രതാ സദസ് സംസ്ഥാന ചെയർമാൻ ഇ.വി. മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ വൈസ് പ്രസിഡന്റ് വി.സിദ്ദിഖ്, കൺവീനർ സി.കെ. ശിവദാസൻ, സി.ആർ ഉണ്ണികൃഷ്ണൻ എന്നിവർ വേദിയിൽ**

## പാലിയേക്കര ടോൾ വിരുദ്ധ സമരത്തിലെ സി.പി.ഐ (എം) ന്റെ വഞ്ചനാപരമായ പങ്ക്

**നോ ടോൾ; നോ ബി.ഒ.ടി** എന്ന മുദ്രാവാക്യമുന്നയിച്ച് പാലിയേക്കര ടോൾവിരുദ്ധ സമര സമിതിയും എൻ.എച്ച് 17 ആക്ഷൻ കൗൺസിലും, ദേശീയ പാത സംരക്ഷണ സമിതിയും ഉൾപ്പെടെയുള്ള സമര സംഘടനകൾ നടത്തിയ ജനകീയ സമരത്തെ തകർത്തത് സി.പി.ഐ(എം) ആണ്.

ദേശീപാതകൾ ടോൾ പാതകളാക്കരുതെന്നും നികുതി പിരിക്കുന്ന സർക്കാരുകളുടെ ബാധ്യതയാണ് മെച്ചപ്പെട്ട റോഡുകൾ ഉണ്ടാക്കുകയെന്നും എന്ന കേരള മനസാക്ഷി ഒന്നടങ്കം ഏറ്റെടുത്ത മുദ്രാവാക്യമാണ് സമരം ഉയർത്തിയത്.

എന്നാൽ അന്ന് പ്രതിപക്ഷത്തായിരുന്ന സി.പി.എം, ടോൾ ശാസ്ത്രീയമാക്കുക, സമീപ വാസികൾക്ക് ഇളവ് നൽകുക എന്ന സമര പൊളിപ്പൻ ഡിമാന്റ് വെച്ചുകൊണ്ട് റോഡ് സ്വകാര്യവർക്കരണത്തിനെതിരെയുള്ള ജനകീയ സമരത്തെ അട്ടിമറിച്ചു. ഇരകളോടെപ്പമെന്ന നാട്യത്തിൽ വേട്ടക്കരനോടൊപ്പം ഓടുകയെന്ന പതിവു ശൈലിയാണ് അവർ ഇവിടേയും അനുവർത്തിച്ചത്. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.